ഈ ഉത്തരവുപ്രകാരം ദേശീയതലത്തിലും സംസ്ഥാനതലത്തിലും ടീം ടൂർണമെന്റുകളിൽ പങ്കെടുത്ത് ഒന്നാം സ്ഥാനത്ത് എത്തുന്നവർക്കുപോലും സ്പോർട്സ് ക്വാട്ടയിൽ സർക്കാർ ജോലികൾ ലഭിക്കാത്ത ദുഃസ്ഥിതിയാണുള്ളത്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകാരണം ഈയിനത്തിൽ പ്രാഗത്ഭ്യം തെളിയിക്കുന്ന താരങ്ങൾ പൂർണ്ണമായും തഴയപ്പെടുകയും അത്‌ലെറ്റുകൾ മാത്രം പരിഗണിക്കപ്പെടുകയും ചെയ്യുന്ന ഏകപക്ഷീയമായ നിയമ നടപടിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ ഉത്തരവ് എത്രയും പെട്ടെന്ന് പിൻവലിക്കണം. പിൻവലിച്ചില്ലെങ്കിൽ ഇതു നമുക്ക് വലിയ ദോഷമുണ്ടാക്കും.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഒരു പ്രധാനപ്പെട്ട കാര്യമാണ് അങ്ങ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഖോഖോ പോലുള്ള മത്സരയിനങ്ങളിൽ ദേശീയ ചാമ്പ്യൻഷിപ്പിൽ വിജയിച്ചുവരുന്നവർക്കുപോലും ജോലി ലഭിക്കുന്ന സമയത്ത് ആവശ്യമായ ഒരു പരിഗണന ലഭിക്കുന്നില്ല എന്നുള്ള വലിയ പരാതി ഉയർന്നുവന്നിട്ടുണ്ട്. അത് ഏറ്റവും കൂടുതൽ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ ദേശീയ ചാമ്പ്യൻമാർക്കുപോലും യാതൊരുവിധ ആനുകൂല്യങ്ങളും നിയമന സമയത്ത് ലഭിക്കുന്നില്ല. ഈ കാര്യം സംസ്ഥാന സർക്കാർ വളരെയേറെ ഗൗരവപൂർവ്വം എടുത്ത് കേന്ദ്രത്തെ അറിയിക്കാനുള്ള ഒരു വിഷയമാണ് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അതാണ് ഈ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. സഭ നടക്കുമ്പോൾ ഇങ്ങനെയൊരു ഉത്തരവ് ഇറക്കുന്നത് ശരിയാണോ? ഇത് സഭയിൽ വയ്ക്കേണ്ടതല്ലേ, എനിക്കറിയില്ല. ഇതിനെ സംബന്ധിച്ച് പരിജ്ഞാനമുള്ള ശ്രീ. ആര്യാടൻ മുഹമ്മദ് മറുപടി നൽകുമായിരിക്കും. എന്തായാലും സഭ നടക്കുന്ന സമയത്ത് ഇറക്കിയിരിക്കുന്ന ഉത്തരവ് ജനാധിപത്യ വിരുദ്ധമാണ്. ഈ ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കായിക രംഗത്തെ ഒരു സ്വപ്നവും പൂവണിയാൻ പോകുന്നില്ല എന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല എന്ന് സൂചിപ്പിച്ചുകൊണ്ട് ഇതിനൊരു പുനർചിന്ത അപ്പുറത്തിരിക്കുന്ന യു.ഡി.എഫ്. കാർക്കെല്ലാം ഉണ്ടാകണമെന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ നിർത്തുന്നു.

X ക്ലിംഗ്

മി. സ്പീക്കർ : ബഹുമാനപ്പെട്ട ശിവൻകുട്ടി അങ്ങയുടെ പ്രസംഗത്തിൽ സ്പീക്കറുടെ റൂളിംഗിനായി രണ്ടുകാര്യങ്ങൾ എടുത്തു പറഞ്ഞു. ഒന്ന്, സഭ നടക്കുമ്പോൾ ഗവൺമെന്റിന് ഉത്തരവു പുറപ്പെടുവിക്കുവാൻ പാടില്ല എന്നൊന്നുമില്ല. ഉത്തരവ് പുറപ്പെടുവിപ്പിക്കാവുന്നതാണ്. നയപരമായ തീരുമാനങ്ങൾ പുറത്തു പറയരുത്, സഭയിൽ പറയണം എന്നുമാത്രമേയുള്ളൂ. രണ്ട്, ഈ ബിൽ അവതരിപ്പിച്ച സമയത്ത് ബിൽ അവതരിപ്പിക്കുന്നതിനെതിരെ അങ്ങ് ഒരു ക്രമപ്രശ്നം ഉന്നയിച്ചു. അന്ന് ഞാൻ റൂളിംഗ് നല്കിയതാണ്. പക്ഷേ, ഇന്ന് അങ്ങയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗത്തിൽ വീണ്ടും ആ റൂളിംഗിനെ ചോദ്യം ചെയ്യുകൊണ്ട് സംസാരിച്ച ഒരു കാര്യം ചെയർ പ്രത്യേകമായി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇത്തരത്തിൽ നിയമം നിർമ്മിക്കുന്ന സമയത്ത് ഒരു കോടതിയും ഇടപെടില്ല. നിയമം നിർമ്മിച്ചതിനുശേഷം കോടതിക്ക് അതിൽ തെറ്റുണ്ടെങ്കിൽ ഇടപെടാവുന്നതാണ്. ഞാൻ കോടതിയിലുള്ള ഒരു കേസ് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് പശ്ചിമ ബംഗാളിൽ വന്ന ഒരു വിഷയം ഞാൻ വായിക്കാം. The Speaker of Legislative Assembly of West Bengal and the Calcutta High Court dealt with the question, whether any writ can be issued against the Legislative body preventing it from passing any Legislation. While answering the question negatively, the Court observed that the Legislatures are supreme within their allotted sphere എന്നാണ്. എന്നു പറഞ്ഞാൽ ബിൽ നിർമ്മിക്കുന്നതിന്റെ സുപ്രീം എന്നുപറയുന്നത് നമ്മളാണ്, അതിൽ കോടതി ഇടപെടാറില്ല. ഇവിടെ നിർമ്മിക്കുന്ന നിയമത്തിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ മാത്രമേ കോടതി ഇടപെടാറുള്ളൂ. അതുകൊണ്ടാണ് അന്ന് ഈ റൂളിംഗ് നൽകിയത്. ബിൽ അവതരിപ്പിക്കുന്നതിലും പാസ്സാക്കുന്നതിലും ഒരു തെറ്റുമില്ല എന്ന് ചെയർ അന്ന് റൂളിംഗ് നൽകിയതാണ്. അത് നൂറ് ശതമാനവും ശരിയാണെന്നുകൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

നിയമനിർമ്മാണകാര്യം (തുടർച്ച)

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങയുടെ അനുമതിയോടുകൂടി ഒരു കാര്യം ചേർക്കുകയാണ്. സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ 2006 ഏപ്രിൽ മാസം 14, 15 തീയതികളിൽ ഒരു പ്രത്യേക നിയമസഭാ സമ്മേളനം ചേർന്നു. അന്നത്തെ തെരഞ്ഞെടുപ്പിനുവേണ്ടി സഭയുടെ എല്ലാ പരിപാടികളും നിർത്തിവച്ചതാണ്. പക്ഷേ, അന്ന് മുല്ലപ്പെരിയാറിനെ സംബന്ധിച്ച് സുപ്രധാനമായ ഒരു വിധി വന്നപ്പോൾ കേരള സംസ്ഥാനത്തിന്റെ താല്പര്യം പരിഗണിക്കുന്നതിനുവേണ്ടി സർവ്വകക്ഷിയോഗം ചേർന്ന് സഭ കൂടുന്നതിന് തീരുമാനിച്ച ഡാം സേഫ്റ്റി അതോറിറ്റിയും അത് സംബന്ധിച്ചുള്ള നിയമവും അതിനുശേഷമാണ് വന്നത്. അങ്ങനെയൊരു കീഴ്വഴക്കം ഉള്ളതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് ഒരു വാദഗതിയിലേയ്ക്ക് പോകുന്നില്ല. അങ്ങയുടെ റൂളിംഗിനെ ഞാൻ ഒന്നുകൂടി സപ്പോർട്ട് ചെയ്യുന്നു. മാത്രമല്ല, ഇതിന് കേസ് കൊടുത്തിട്ടും കേസ് തള്ളി. രണ്ടെണ്ണത്തിന് അപ്പീൽ കൊടുത്തിട്ടും സ്റ്റേ കിട്ടിയില്ല. അതുകൊണ്ട് ശ്രീ. വി. ശിവൻകുട്ടി ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കുന്ന ആളാണ്. അദ്ദേഹം വാദഗതി പ്രസ് ചെയ്യില്ല എന്നാണ് എന്റെ വിശ്വാസം. ഇവിടെ ഈ നിയമം എങ്ങനെ കൊണ്ടുവന്നു എന്നൊരു ചോദ്യമുണ്ട്. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി വച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly